# കേരള സർക്കാർ

# കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
## 2015-16
# ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**
**website : www.lfa.kerala.gov.in**
**e-mail : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി14)2202/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്– 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 23.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും,, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ് :-</u>
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.14)2202/2016 കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്
കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :
doekm.ksad@kerala.gov.in
തീയതി : 23.12.2016

# എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13**, **1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 13.12.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വവുമുണ്ടായിരിയ്ക്കുന്നതല്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി സുരേഷ് രാജു , ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.12.2016 മുതൽ 21.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഡി ജിനിൽ റോയ്, ഓഡിറ്റ് ഓഫീസർ |
| | റഷീദ് സി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ബിന്ദു സദാനന്ദൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജോസ് ഫിജോയ് വി.ജെ, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | കെ.കെ ജിന്നാസ് | 01.04.2015 | 30.09.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.10.2015 | 18.11.2015 |
| | രത്നമ്മ സുരേഷ് | 19.11.2015 | 31.03.2016 |
| സെക്രട്ടറി | എ പി ജയകുമാർ | 01.04.2015 | 07.12.2015 |
| | കെ എസ് പ്രകാശൻ | 08.12.2015 | 31.03.2016 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ഗീത ആർ ചന്ദ്രൻ | 01.04.2015 | 28.05.2015 |
| | സാബിറ ബീവി പി എം | 29.05.2015 | 14.03.2016 |
| | ബിന്ദു സി എസ് | 15.03.2016 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജയസന്ധ്യ പി | 01.04.2015 | 31.01.2016 |
| | ഡോ. കെ എ നൈസി | 01.02.2016 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിയാദ് പി | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, ബിനാനിപുരം) | ഡോ. രാജേഷ് വി.ആർ | 01.04.2015 | 05.02.2016 |
| | ഡോ. സജീവ് സി കെ | 06.02.2016 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, കടുങ്ങല്ലൂർ) | ഡോ, ഷറീന എസ്.എസ് | 01.04.2015 | 31.03.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | പുഷ്ക്കല എൻ | 01.04.2015 | 17.12.2015 |
| | ഗീത | 18.12.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കടുങ്ങല്ലൂർ | വിജയ്. വി.ജി | 01.04.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുപ്പത്തടം | ഫെമിന കെ. ബി. | 01.04.2015 | 31.03.2016 |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് | അലിയാർ കെ.എസ് | 01.04.2015 | 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ. നൈന ടി എ | 01.04.2015 | 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | മേഘ്ന ടി കെ | 01.04.2015 | 22.05.2015 |
| | കെ ജി ലാലി | 23.05.2015 | 31.03.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | മഹേഷ് കുമാർ പി കെ | 01.04.2015 | 31.03.2016 |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | **ഭാഗം - 2** | |
| 12 | ബിൽഡിംഗ് പെർമിറ്റ് - എഫ്.എ.ആർ. അധിക നിരക്ക് ഈടാക്കിയതിൽ 1,26,500/- രൂപ കുറവ് | 2-1 |
| 13 | ഓഡിറ്റ് ഇംപാക്ട് | 2-2 |
| 14 | അക്ഷയ കേന്ദ്രം - വാടക ലഭിക്കുന്നില്ല . | 2-3 |
| | **ഭാഗം – 3** | |
| 15 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന | 3-1 |
| 16 | ഒരു കൺവീനർ തന്നെ വിവിധ വാർഡുകളിലെ പ്രൊജക്ട് നിർവ്വഹണം നടത്തി . | 3-2 |
| 17 | ആദായനികുതി ഈടാക്കിയിട്ടില്ല | 3-3 |
| | **ഭാഗം - 4** | |
| 18 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 21 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 22 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 27 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.1 |
| 28 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം.2 |
| 29 | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.3 |
| 30 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.4 |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2015 -16 വർഷത്തെ ബജറ്റ് 25.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു :-

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 13,04,81,617.00 | 11,12,71,050.00 |
| വാർഷിക കണക്ക് പ്രകാരം | 5,05,14,940.00 | 6,92,11,954.00 |
| വ്യത്യാസം | 7,99,66,677.00 | 4,20,59,096.00 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ ഭീമമായ അന്തരമുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ വരവ്-ചെലവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവും ഉൾപ്പടെയാണ് ബജറ്റിൽ പഞ്ചായത്തിന്റെ ആകെ പ്രതീക്ഷിത വരവ്-ചെലവ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ സാമൂഹ്യ സുരക്ഷ പെൻഷൻ ഡി.ബി.റ്റി പ്രകാരവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇ.എഫ്.എം.എസ് വഴിയും ആയതിനാൽ അവയുടെ കണക്കുകൾ യഥാർത്ഥ വരവ്-ചെലവ് കണക്കാക്കുമ്പോൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായി വരുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 19.07.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയും അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,88,53,382.00 |
| വരവ് | 5,05,14,940.00 |
| ആകെ | 8,93,68,322.00 |
| ചെലവ് | 6,92,11,954.00 |
| നീക്കിയിരിപ്പ് | 2,01,56,368.00 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 55,46,464 |
| തൊഴിൽ നികുതി | 65,045 |
| കെട്ടിട വാടക | 1,11,733 |
| ആകെ | 57,23,242 |

പഞ്ചായത്തിന് ലഭിക്കാനുള്ള എല്ലാ വരവുകളും കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | 950839 | 12265918 (*) | 13216757 | 13216757 | 0 | 0 |
| - എസ്.സി. പി. | 5151543 | 4210900 | 9362443 | 4984404 | 4378039 | 0 |
| - ടി.എസ്. പി. | 0 | 0 | 0 | 0 | 0 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3551086 | 8481184 | 12032270 | 8114496 | 3917774 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3976335 | 1248463 | 5224798 | 1254693 | 3970105 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2608239 | 9055722 | 11663961 | 10628553 | 1035408 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 1119506 | 3164478 (**) | 4283984 | 4283984 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 11488303 | 11488303 | 11486818 | 0 | 1485 |
| ബി ഫണ്ട് | 0 | 32003279 | 32003279 | 32003279 | 0 | 0 |

(*) വികസന ഫണ്ട് – പൊതുവിഭാഗത്തിലെ വരവ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയാണ്.
(**) സംരക്ഷണഗ്രാന്റ് നോൺ റോഡ് വിഭാഗത്തിലെ വരവിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയായ 10,35,408/- രൂപയും തൻ വർഷത്തെ വരവായ 21,29,070/- രൂപയും ഉൾപ്പെടുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 15-16 | 241 | 78184670 | 197 | 51476792 | 5 | 39 | 81.74 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്റ്റുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 3601140 | 2730414 | 75.82 |
| വെറ്ററിനറി സർജൻ | 3 | 3 | 140000 | 138827 | 99.16 |
| വി.ഇ.ഒ,മുപ്പത്തടം | 5 | 5 | 2766000 | 2026000 | 73.25 |
| വി.ഇ.ഒ,കടുങ്ങല്ലൂർ | 7 | 5 | 7660200 | 5323300 | 69.49 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 3765840 | 3139758 | 83.37 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7 | 7 | 1125000 | 1079979 | 96 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 135000 | 135000 | 100 |
| ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 11 | 10 | 949000 | 812000 | 85.56 |
| സെക്രട്ടറി | 21 | 13 | 7009974 | 3896446 | 55.58 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 11 | 5576300 | 2876250 | 51.58 |
| അസിസ്റ്റന്റ്എഞ്ചിനീയർ | 155 | 133 | 45056216 | 28918818 | 64.18 |
| ആകെ | 241 | 202 | 78184670 | 51476792 | 65.84 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 77.50 ശതമാനം കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 12059024 | 9061429 | (-)2997595 | (-) 24.86 |
| നികുതിയേതര വരവുകൾ | 2375288 | 1776842 | (-)598446 | (-) 25.19 |
| മറ്റുവരവുകൾ | 40150 | 379668 | (+)339518 | (+) 845.62 |
| ആകെ | 14474462 | 11217939 | (-)3256523 | (-) 77.50 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69,120 | 39 |
| കർഷകത്തൊഴിലാളി പെൻഷൻ | 28,85,310 | 339 |
| വിധവാപെൻഷൻ | 1,45,47,280 | 1410 |
| | | |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1,02,41,340 | 1404 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 36,27,045 | 327 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 3,25,160 | 31 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,00,000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2016 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,127/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | |
| 379 | 1 | 1254 | 1634 | 773 | 695 | 16234 | 0 | 35661 | 51895 | 346 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 190 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | 136 |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2016 മുതൽ 18.11.2016 വരെ | 10/2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.04.2010 മുതൽ 17.04.2010 വരെ | 2005-06 മുതൽ 2009-10 വരെ | 14.05.2010 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 ബിൽഡിംഗ് പെർമിറ്റ് - എഫ്.എ.ആർ. അധിക നിരക്ക് ഈടാക്കിയതിൽ 1,26,500/- രൂപ കുറവ്

മുപ്പത്തടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കെട്ടിടം നിർമ്മിക്കുന്നതിന് 05.03.2015ൽ അപേക്ഷ നൽകി. പഞ്ചായത്തിൽ സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടം കൊമേഴ്സ്യൽ കം (Group F) ലോഡ്ജിംഗ് ഹൗസ് (Group A2) വിഭാഗത്തിൽ പെടുന്നതാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 35 ലെ ഉപചട്ടം (iii) പ്രകാരം പ്ലോട്ടിന്റെ വിസ്തീർണ്ണം 00.50 ഹെക്ടർ വരെയാണെങ്കിൽ ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റെ (എഫ്.എ.ആർ. കുറഞ്ഞതിന്റെ) അടിസ്ഥാനത്തിലാണ് എഫ്.എ.ആർ. കണക്കാക്കേണ്ടത്. മേൽ സൂചിത ചട്ടപ്രകാരം ഈ

കെട്ടിടത്തെ കൈവശഗണം A2 ൽ ഉൾപ്പെടുത്തി അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന എഫ്.എ.ആർ. 1.5 ആണ് . എന്നാൽ നിലവിൽ ഈ കെട്ടിടത്തെ കൈവശഗണം F ൽ ഉൾപ്പെടുത്തി അധിക ഫീസ് ഇല്ലാതെ 1.75 എഫ്.എ.ആർ. അനുവദിച്ചിട്ടുണ്ട്. ഇത് മൂലം എഫ്.എ.ആർ. അധിക ഫീസ് കണക്കാക്കി ഈടാക്കിയതിൽ 1,26,500/- രൂപ കുറവ് വന്നു . വിശദ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| പെർമിറ്റ് നം | B.A 323/14-15 |
| ഉടമയുടെ പേര് | പ്രസിഡന്റ് , മുപ്പത്തടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് , മുപ്പത്തടം |
| സർവ്വെ നമ്പർ , വിസ്തീർണ്ണം | 124/3-6 , 10.12 ആർ |
| പ്ലിന്ത് ഏരിയ | 2783.91സ്ക്വ.മീ. |
| FAR ഏരിയ | 2134.59 സ്ക്വ.മീ. |
| അനുവദനീയമായ എഫ്.എ.ആർ. | 1.5 |
| അധിക ഫീസില്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണം | 1518സ്ക്വ.മീ. |
| സ്ക്വ.മീറ്ററിന് 500രൂപ നിരക്കിൽ ഈടാക്കേണ്ട തറവിസ്തീർണ്ണം | 617 സ്ക്വ.മീ.( 2134.59 - 1518) |
| ഈടാക്കേണ്ട എഫ്.എ.ആർ. അധിക നിരക്ക് | 308500/- |
| ഈടാക്കിയ എഫ് എ ആർ അധിക നിരക്ക് , രസീത് നമ്പർ, തീയതി | 1,82,000/- 11502101632, 09.06.15 |
| കുറവ് | 1,26,500/- |

എഫ്.എ.ആർ. അധിക നിരക്ക് ഈടാക്കിയതിൽ 1,26,500/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട് . ഈ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-2 ഓഡിറ്റ് ഇംപാക്ട്

ബിൽഡിംഗ് പെർമിറ്റ് നൽകിയപ്പോൾ എഫ്.എ.ആർ. അധിക നിരക്ക് ഈടാക്കിയതിൽ 23,450/- രൂപ കുറവ് വന്നത് 17.12.2016ൽ 4 ◌ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന അറിയിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു :-

| | |
|---|---|
| പെർമിറ്റ് നം ,ഉടമയുടെ പേര് | B.A 236/14-15 , ശ്രീ.ആന്റണി കെ വർഗ്ഗീസ് |
| പ്ലിന്ത് ഏരിയ | 3845 സ്ക്വ.മീ. |
| FAR ഏരിയ (ടെറസ്സ് ഫ്ളോർ ഉൾപ്പെടെ) | 2972.42 സ്ക്വ.മീ. |
| അനുവദനീയമായ FAR | 1.75 |
| സ്ക്വ.മീറ്ററിന് 500രൂപ നിരക്കിൽ ഈടാക്കേണ്ട തറവിസ്തീർണ്ണം | 924.92 സ്ക്വ.മീ. (2972.42 - 2047.5) |
| ഈടാക്കേണ്ട എഫ്.എ.ആർ. അധിക നിരക്ക് | ₹.4,62,450 /- |
| ഈടാക്കിയ എഫ് എ ആർ അധിക നിരക്ക് , രസീത് നമ്പർ, തീയതി | ₹.4,39,000/- , 1140240034 , 30.03.15 |
| കുറവ് | ₹.23,450/- |

കുറവ് വന്ന 23,450/- രൂപ 19.12.2016ൽ രസീത് നം.11615106203 പ്രകാരം അടച്ചു.

## 2-3 അക്ഷയ കേന്ദ്രം - വാടക ലഭിക്കുന്നില്ല .

പഞ്ചായത്ത് കോമ്പൗണ്ടിൽ കൊച്ചിൻ മിനറൽസ് & റൂട്ടൈൽസിന്റെ (കെ.എം.ആർ.എൽ.) സ്പോൺസർഷിപ്പിൽ ഒരു അക്ഷയ കേന്ദ്രം 2015-16ൽ നിർമ്മിച്ചു. 28.09.2015ൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം 02.10.2015ൽ ഉദ്ഘാടനം ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ മുകളിലെ നിലയിൽ മുറി അനുവദിച്ചു കൊടുത്തിരുന്ന അക്ഷയ കേന്ദ്രം പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്ത് 01.10.2015ൽ എ5/7918/2015 പ്രകാരം ജില്ലാ കളക്ടർക്ക് നൽകിയ കത്തിൽ നിയമാനുസൃത വാടക ഈടാക്കി മാത്രമേ കൈമാറുകയുള്ളു എന്നറിയിച്ചിട്ടുണ്ട്. കെട്ടിട നം 12/447 ഇ യിലുള്ള അക്ഷയ കേന്ദ്രം ശ്രീമതി ഷാജിത കെ എയ്ക്ക് കൈമാറിയെങ്കിലും നാളിതു വരെ വാടക ഈടാക്കിയിട്ടില്ല. വാടക നിർണ്ണയിക്കാതെ കെട്ടിടം കൈമാറിയതു സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 21.12.2016ൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 21.12.2016ന് നൽകിയ മറുപടിയിൽ 5,000/- രൂപ മുൻകൂർ വാടക ഈടാക്കിയതായും വാടക നിർണ്ണയിച്ച് നൽകുന്നതിന് 03.10.2015, 08.08.2016 എന്നീ തീയതികളിൽ പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിന് കത്ത് നൽകിയതായും അറിയിച്ചു. കൂടാതെ കെട്ടിടത്തിന് അനുവദിച്ച നമ്പറിന്റെ വിവരം ലഭ്യമാക്കിയില്ല. കെട്ടിടത്തിന് വാടക നിശ്ചയിച്ച് ലഭിക്കുന്ന മുറക്ക് കൈമാറിയ കാലയളവ് മുതലുള്ള വാടക ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.05.09 ലെ ജി.ഒ.(ആർ.ടി.) 1275/2009 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണെന്നും, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിഷ്ക്കർഷിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് ഈ നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. ആയതിലേക്ക് വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. 2015-16 വർഷത്തിൽ 376 ടാപ്പുകൾക്ക് 437.50 രൂപ നിരക്കിൽ 1,64,500/- രൂപയാണ് ജല അതോറിറ്റിയിൽ പഞ്ചായത്ത് അടച്ചിട്ടുള്ളത്.

## 3-2 ഒരു കൺവീനർ തന്നെ വിവിധ വാർഡുകളിലെ പ്രൊജക്ട് നിർവ്വഹണം നടത്തി.

1997-ലെ കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ഗുണഭോക്തൃസമിതി രൂപീകരണം സംബന്ധിച്ച് കാലാകാലങ്ങളിൽ ഇറങ്ങിയിട്ടുള്ള ഉത്തരവുകൾ, എന്നിവ പ്രകാരമാണ് ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രോജക്ടുകൾ നിർവ്വഹണം നടത്തേണ്ടത്. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടിൽ പ്രസ്തുത വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിവിധ അംഗൻവാടികളുടെ പെയിന്റിംഗ് |
| പ്രോജക്ട് | S 0243/16 |
| അടങ്കൽ | 255000/- |
| ചെലവ് | 255000/- |
| തുക / ഡി.ഡി. നം. | 238160/-, 684224/17.03.2016 ( നികുതികൾ കിഴിച്ച് ) |
| അളവ് പുസ്തകം | 11/2016, 23/2016 |
| കൺവീനർ | സാദിഖ് ടി എ |
| എഗ്രിമെന്റ് | 110/AE/LSGD/15-16/13.01.2016 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

**അപാകതകൾ ചുവടെ ചേർക്കുന്നു.**

1. വിവിധ വാർഡുകളിലായി 6 അങ്കണവാടികളുടെ പെയിന്റിംഗ് ആണ് പ്രോജക്ട് പ്രകാരം ചെയ്തിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | അങ്കണവാടി നം | വാർഡ് നം |
|---|---|---|
| 1 | 60 | 13 |
| 2 | 51 | 9 |
| 3 | 62 | 11 |
| 4 | 69 | 17 |
| 5 | 58 | 7 |
| 6 | 57 | 8 |

ഗുണഭോക്തൃസമിതി നിബന്ധനകൾ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർ അതത് വാർഡുകളിലെ മെമ്പർമാരായിരിക്കണം . ഈ പ്രവൃത്തി ആറ് വാർഡുകളിലേതാണ് . എന്നാൽ എല്ലാ പ്രവൃത്തികളുടെയും കൺവീനർ ശ്രീ.സാദിഖ് ടി എ മാത്രമാണ് . ഈ അപാകത സംബന്ധിച്ച് വിശദീകരണം നൽകണമെന്നും സാദിഖ് ടി എ യുടെ വാർഡ് നം അറിയിക്കണമെന്നും ആവശ്യപ്പെട്ട് 20.12.2016 ൽ ഓഡിറ്റ് എൻക്വയറി നം 6 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല .

2. പ്രവൃത്തിയുടെ അക്കൗണ്ട് സൂക്ഷിപ്പിനായി കൺവീനറുടെയും, ചെയർമാന്റെയും, സംയുക്ത അക്കൗണ്ട് തുടങ്ങി വേണം പണമിടപാടുകൾ നടത്താൻ എന്ന നിർദ്ദേശവും കൃത്യമായി പാലിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടതിനുശേഷം, ജോയിന്റ് അക്കൗണ്ട് ക്ലോസ് ചെയ്ത് , അക്കൗണ്ടിൽ ബാക്കി തുക ഉണ്ടെങ്കിൽ അത് പിൻവലിച്ച് പഞ്ചായത്തിൽ തിരിച്ചടയേക്കണ്ടതുമാണ്. എന്നാൽ അക്കൗണ്ടിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല . ഓഡിറ്റ് എൻകയറി നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല .

3. പ്രവൃത്തിക്കു വേണ്ടി വാങ്ങിയ പെയിന്റ് മുതലായവയുടെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്തൃസമിതികൾ നടത്തുന്ന പ്രവൃത്തികൾ, മാർഗ്ഗരേഖ, ഉത്തരവുകൾ എന്നിവ പ്രകാരം നിർവ്വഹണം നടത്തേണ്ടതാണ് .

## 3-3 ആദായനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ അച്ചടി ജോലികൾക്ക് കരാറ് നൽകിയിരിക്കുന്നത് M/s ഡിജിറ്റൽ ഡിസൈൻസ് എന്ന സ്ഥാപനത്തിനാണ്. ആദായ നികുതി നിയമം വകുപ്പ് 194(C) പ്രകാരം ഒരു ബില്ലിൽ 30,000/- രൂപയോ സാമ്പത്തിക വർഷത്തിൽ മൊത്തം ബിൽ തുക 75,000/- രൂപയിൽ അധികമാകുകയോ ചെയ്താൽ സ്രോതസ്സിൽ നിന്നും 2% നികുതി കിഴിവ് നടത്തേണ്ടതാണ്. 2015-16 വർഷത്തെ വൗച്ചർ പരിശോധിച്ചതിൻ പ്രകാരം അച്ചടി ജോലികൾ ചെയ്ത ഇനത്തിൽ M/S ഡിജിറ്റൽ ഡിസൈൻസ് എന്ന സ്ഥാപനത്തിന് നൽകിയ തുക 75,000/- രൂപയിൽ കൂടുതലായെങ്കിലും നികുതി കിഴിവ് നടത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ പറയുന്നു:-

| ക്രമ നം | സ്ഥാനത്തിന്റെ ബിൽ നം.തിയതി | വിവരണം | ചെക്ക് നം./ തീയതി | തുക |
|---|---|---|---|---|
| 1 | 826/3.6.2015 | കരട് വോട്ടർ പട്ടിക പ്രിന്റിംഗ് | 865914/5.6.2015 | 14,200 |
| 2 | 1104/20.09.2015 | അന്തിമ വോട്ടർ പട്ടിക പ്രിന്റിംഗ് | 161078/25.09.2015 | 15,000 |
| 3 | 1150/30.09.2015 | വോട്ടർ പട്ടിക കാർഡ് പ്രിന്റിംഗ് | 16384/12.11.2015 | 24720 |
| 4 | 1191/15.10.2015 | അന്തിമ വോട്ടർ പട്ടിക പ്രിന്റിംഗ് | 161120/27.10.2015 | 96880 |

| | | | | |
|---|---|---|---|---|
| 5 | 1149/26.10.2015 | സപ്ലിമെന്ററി വോട്ടർ പട്ടിക പ്രിന്റിംഗ് | 161120/27.10.2015 | 7335 |
| ആകെ | | | | 158135 |

മേൽ തുകകളിൽ നിന്നും 2% നികുതിയായ 3,163/- രൂപ ബന്ധപെട്ടവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 166180 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്. 015/16) | 166180 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 245000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്. 015/16) | 145000 | 0 |
| | | | സാന്ത്വന പരിചരണ പരിപാടി (എസ്. 037/16) | 0 | 100000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം. / തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, ആലുവ (വെസ്റ്റ്) | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (എസ്. 020/16) | 2397242/21.8.15 | 15,550 | 15,550 | 0 |
| | | 2397251/29.9.15 | 63,640 | 63,640 | 0 |
| കെ.എസ്.ഇ.ബി, ആലുവ (വെസ്റ്റ്) | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 12,15,16,18 (എസ്. 236/16) | 438851/17.9.15 | 112496 | 112496 | 0 |
| | | ആകെ | 191686 | 191686 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി/ അനുവദിച്ച തുക | വിനിയോഗിച്ച വായ്പ തുക | വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇ. എം. എസ്. ഭവന പദ്ധതി | സ.ഉ നം. ജി.ഒ(ആർ.ടി) 564/10/ തസ്വഭവ തീ. 22.2.2010/ 20029500/- | 12442260 | 2015-16 | 4923750 | 908889 | - | 4014861 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 70,00,000 |
| തൻവർഷം നിക്ഷേപിച്ച തുക (17.04.2015 ൽ പലിശ നിക്ഷേപിച്ചത്) | 6,59,069 |
| ആകെ | 76,59,069 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 76,59,069 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| രസീത് നം.67320155512 (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മുപ്പത്തടം ശാഖ), കാലയളവ് – 1 വർഷം, പലിശ നിരക്ക് – 8.5% | 76,59,069 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50514940 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69211954 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,26,500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,163 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | --- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1,26,500/- | - | എ.പി.ജയകുമാർ, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3,163/- | എ.പി.ജയകുമാർ, സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എ പി ജയകുമാർ, സെക്രട്ടറി | സെക്രട്ടറി കരുമാല്ലൂർ ഗ്രാമ പഞ്ചായത്ത് | അടിമത്തറ ഹൗസ് , മാലിപുറം, എറണാകുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ.(പി-5)-1919/07/11.02.2009 |
| 1996-97 | എൽ.എഫ്.ഇ.(പി-5)263/98/14.10.1998 |
| 1997-98 | എൽ.എഫ്.ഇ.(പി-5)1322/02/16.12.2002 |
| 1998-99 | എൽ.എഫ്.ഇ-(പി-5)980/03/20.12.2003 |
| 1999-00 to 2001-02 (പദ്ധതി ചെലവ് റിപ്പോർട്ട്) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 1999-00 (പദ്ധതി ചെലവ് ഒഴികെ) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2000-01 (പദ്ധതി ചെലവ് ഒഴികെ) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2002-03 (ചെലവ്) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2002-03 (വരവ്) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2003-04 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2005-06 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2006-07 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |

| | |
|---|---|
| 2008-09 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2010-11, 2011-12 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/15/30.10.2015 |
| 2012-13, 2013-14 | എൽ.എഫ്.ഇ-(പി-11)176/15/16.02.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി2)/877/16/06.06.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

# അനുബന്ധം 1
# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി14)2202/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
e-mail:doekm.ksad@kerala.gov.in
തീയതി : 23.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **കടുങ്ങല്ലൂർ** ഗ്രാമപഞ്ചായത്തിന്റെ **2015-16** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കടുങ്ങല്ലൂർ** ഗ്രാമപഞ്ചായത്തിന്റെ **2015-16**-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE – 2015-16

No.KSA-EKM(P.14)2202/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 23.12.2016

Certified that I have audited the Annual Financial Statement of **KADUNGALLOOR** Grama Panchayat in Ernakulam District for the Financial Year ended on **31.03.2016** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of **KADUNGALLOOR** Grama Panchayat for the Financial Year **2015-16** except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)